**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3102** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ റോഡുനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോന്നി മണ്ഡലത്തിൽ നിർമ്മാണപ്രവൃത്തി ആരംഭിച്ച ആനയടി -കൂടൽ റോഡ്, ഇളമണ്ണൂർ - കലഞ്ഞൂർ-പാടം റോഡ്, അളിയൻമുക്ക്- കൊച്ചുകോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (എ) | **ആനയടി കൂടൽ റോഡ്** - കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ ആനയടി കൂടൽ റോഡ് പ്രവൃത്തിക്കായി 40 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 133.94 കോടി രൂപയുടെ സാമ്പത്തികനുമതിയും ലഭിച്ചിട്ടുണ്ട്. 100.71 കോടി രൂപയുടെ സാങ്കേതികനുമതി ലഭ്യമായ പ്രവർത്തി 92.96 കോടി രൂപയ്ക്ക് M/s. മെറ്റാഗാർഡ് എഞ്ചിനിയേർസ് ആൻഡ് കോൺട്രാക്ടേർസ് ഏറ്റെടുത്തിരുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.05.2025 തീയതി വരെ നീട്ടി നൽകുന്നതിനുള്ള അപേക്ഷ ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. കോന്നി മണ്ഡലത്തിൽ പ്രസ്തുത റോഡ് പ്രവൃത്തിയുടെ 5km ആണ് ഉൾപ്പെടുന്നത്. നിലവിൽ റോഡ് പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ മുഴുവൻ സ്ട്രെച്ചും DGBM പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ വീതി കൂട്ടുന്ന പ്രവൃത്തികൾ, KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ എന്നിവ പുരോഗമിച്ചുവരുന്നു. പ്രവൃത്തിക്കായി price escalation, KWA Restoration എന്നിവയ്ക്ക് ആവശ്യമായ തുക ഉൾപ്പെടുത്തി പുതുക്കിയ സാമ്പത്തികാനുമതിയ്ക്കായി 10.01.2025 തീയതിയിൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>**കലഞ്ഞൂർ പാടം റോഡ്** - കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കലഞ്ഞൂർ പാടം റോഡ് പ്രവൃത്തിക്കായി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 22.29 കോടി രൂപയുടെ സാമ്പത്തികനുമതിയും നല്കിയിട്ടുണ്ട്. 21.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവർത്തി 20.44 കോടി രൂപയ്ക്ക് പ്രസാദ് മാത്യു എന്ന കരാറുകാരൻ ഏറ്റെടുത്തിരുന്നു. നിലവിൽ Ch:0/000 (ഇളമണ്ണൂർ 23rd മൈൽ) മുതൽ Ch:10/115 (വാഴപ്പാറ) വരെ ഉള്ള ഭാഗങ്ങളിൽ BM പ്രവൃത്തികൾ, Ch:0/000 (ഇളമണ്ണൂർ 23rd മൈൽ) മുതൽ Ch: 6/360 |

(വാഴപ്പാറ) വരെ ഉള്ള ഭാഗങ്ങളിൽ BC പ്രവൃത്തികൾ, KWA റെസ്റ്റോറേഷൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ പുരോഗതി മന്ദഗതിയിൽ ആയതിനാൽ പ്രവൃത്തിയുടെ കരാർ 28.12.2022 ൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തു. DSOR 2018 പ്രകാരമുള്ള ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അഞ്ച് പ്രാവശ്യം ടെൻഡർ ചെയ്തെങ്കിലും കരാറുകാരനെ ലഭിച്ചില്ല. തുടർന്ന് നടന്ന റി ടെൻഡറിൽ ഒരു ബിഡ് ലഭിയ്ക്കുകയും ആയത് 13.10.2023 തീയതിയിൽ നടന്ന 47-)0 ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തു. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ മിച്ചം പ്രവർത്തികൾക്ക് ആദ്യ ടെൻഡറിൻറെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് കമ്മിറ്റി നിർദേശിച്ചതിൻ പ്രകാരം പ്രവൃത്തി മൂന്ന് പ്രാവശ്യം ടെൻഡർ ചെയ്തിരുന്നെങ്കിലും കരാറുകാരനെ ലഭിച്ചില്ല.

തുടർന്ന് 08.04.2024-ൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ ശേഷിച്ച പ്രവൃത്തികൾക്ക് ടെൻഡർ ചെയ്യുന്ന സമയത്തെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയാറാക്കുന്നതിന് നിർദേശം നല്കി. ആയതു പ്രകാരം 5.63 കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കുകയും ആയതിന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് പതിനൊന്നാമത്തെ ടെൻഡറിൽ 2 ബിഡ് ലഭിക്കുകയും അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനായ M/S. ULCCS സമർപ്പിച്ച ടെണ്ടർ 31.08.2024 തീയതിയിൽ നടന്ന 53 -)0 ടെൻഡർ അപ്രൂവൽ കമ്മിറ്റി നിർദ്ദേശപ്രകാരം, കൂടിയ നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ ഗവൺമെൻറിലേക്ക് അംഗീകാരത്തിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം നല്കുകയും ചെയ്തു. Tender file- ന് 18.02.2025 തീയതിയിൽ കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുകയും തുടർന്ന് 21.02.2025 തീയതിയിൽ കരാറുകാരന് LoA നൽകുകയും, 04.03.2025 തീയതിയിൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിലെ പൂർത്തീകരണ കാലാവധിയായ 9 മാസത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>അളിയൻമുക്ക് - കൊച്ചുകോയിക്കൽ റോഡ് -</u>**

അളിയൻമുക്ക് - കൊച്ചുകോയിക്കൽ റോഡുനിർമ്മാണം ആകെ ദൂരം 9.5 കിലോമീറ്ററാണ്.

| | | | |
|---|---|---|---|
| | | | എഗ്രിമെന്റ് പ്രകാരമുള്ള DR (Dry Rubble Mansonry) പ്രവൃത്തികൾ ഈ റോഡിൽ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തീകരണാവസ്ഥയിലാണ്. Concrete Retaining Wall നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. എഗ്രിമെന്റ് പ്രകാരമുള്ള Twin Box Culvert ന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. അളിയൻമുക്ക് കൊച്ചുകോയിക്കൽ റോഡിൽ JJM പ്രവൃത്തികൾക്കായി കുഴിച്ച ഭാഗത്തെ റസ്റ്റോറേഷൻ പ്രവർത്തനങ്ങൾ PWD കരാറുകാരൻ തന്നെയാണ് ചെയ്യുന്നത്. ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**മലയാലപ്പുഴ റോഡ്** - മലയാലപ്പുഴ റോഡിന്റെ നവീകരണം SF 2021-2022 Providing BM&BC to Malayalapuzha road (Anjiliykunnu-Erambanthodu Malayalapuzha road)ch 0/000 to 13/300 എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 4 reach കളിലായി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. എഗിമെന്റ് പ്രകാരം ഉള്ള DR, drain, culvert പണികൾ പൂർത്തികരിച്ചിട്ടുണ്ട്. റീച്ച് -1 ൽ 1.682 km BM പൂർത്തീകരിച്ചിട്ടുണ്ട്. റീച്ച് -4 ൽ 1.700 km BM പൂർത്തീകരിച്ചു. റീച്ച്-3 ൽ 1.349 km BM ചെയുന്നതിന് സജ്ജമാണ്. BM പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തി 30/05/2025 തീയതിയോടെ പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ